ഫ്ളഡ് റിലീഫിലെ റോഡ് നിർമ്മാണത്തിനുള്ള മാനദണ്ഡങ്ങൾ

116 (3863) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലഡ് റിലീഫി-ൽ റോഡ് നിർമ്മാണത്തിന് പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് കേരളത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ ആയത് പുതുക്കി തുക വർദ്ധിപ്പിച്ച് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദവിവരം നൽകുമോ ;

(സി) പുതിയ മാനദണ്ഡങ്ങൾ ഉൾപ്പെടുന്ന ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 20-5-2015-ലെ ജി.ഒ(എം. എസ്.) നമ്പർ 194/2015/ഡിഎംഡി പ്രകാരം പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

(ബി) 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവുമടങ്ങിയതാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന നിബന്ധനകളനുസരിച്ചാണ് SDRF വിനിയോഗിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് മറിച്ചൊരു തീരുമാനം കൈക്കൊള്ളാനാവില്ല.

(സി) ഉത്തരത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

പട്ടയ വിതരണത്തിന് പദ്ധതി

117 (3864) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടയ വിതരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടയ വിതരണത്തിനായി 'ഭൂരഹിതരില്ലാത്ത കേരളം 2015' പ്രകാരം പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്ത് ഭൂമിയുടെ ഉടമസ്ഥാവകാശത്തിന് അർഹതയുള്ള എല്ലാവർക്കും വിവിധ വിഭാഗങ്ങളിലുള്ള പട്ടയ വിതരണം, പട്ടയമേളകൾ സംഘടിപ്പിച്ചുകൊണ്ട് ത്വരിതപ്പെടുത്തിയിട്ടുണ്ട്.

(ബി) സ്വന്തമായി ഭൂമി ഇല്ലാത്തതും വാർഷിക വരുമാനം 75,000 രൂപയിൽ താഴെയായിട്ടുള്ളതുമായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്കായി 3 സെന്റ് ഭൂമി വീതം പതിച്ച് കൊടുത്ത് ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) ഭൂമി സൗജന്യമായി വിട്ടുതന്ന് പദ്ധതിയുമായി ചില വ്യക്തികളും സഹകരിച്ചുവരുന്നു.

(ഡി) പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ടി ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു കൂടാതെ സംസ്ഥാന/ ജില്ല/താലൂക്ക് തലങ്ങളിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ചും പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നടപടികളും ഭരണതലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

വെളിയം ഐ.എച്ച്.ഡി.പി. കോളനിക്കാർക്ക് പട്ടയവും കൈവശരേഖയും

118 (3865) ശ്രീ. ജി. എസ് ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ വെളിയം വില്ലേജിൽ മാലയിൽ ഐ.എച്ച്.ഡി.പി. കോളനിയിൽ ആകെ എത്ര ഏക്കർ ഭൂമിയാണ് നിലവിലുള്ളത് ;

(ബി) പ്രസ്തുത കോളനിയിൽ ആകെ എത്ര കുടുംബങ്ങളാണ് ഇപ്പോൾ വീട് വച്ച് താമസമാക്കിയിട്ടുള്ളത് ;

(സി) ഇവരിൽ എത്ര കുടുംബങ്ങൾക്ക് കൈവശരേഖ, പട്ടയം എന്നിവ നൽകിയിട്ടുണ്ട്, ശേഷിക്കുന്ന കുടുംബങ്ങൾ എത്രയാണ് ;

(ഡി) കൊല്ലം ജില്ലാ കളക്ടറുടെ 5/87-ലെ L11-17356/86-ാം നമ്പർ ഉത്തരവ് പ്രകാരം എത്ര കുടുംബങ്ങൾക്ക് ഇവിടെ പട്ടയം നൽകിയിരുന്നുവെന്നും ഇതിൽ എത്ര കുടുംബങ്ങൾ പട്ടയം കൈപ്പറ്റി അവിടെ താമസം ആരംഭിച്ചുവെന്നും അറിയിക്കുമോ ;

(ഇ) കേരള സർക്കാർ റവന്യൂ ജി.ഒ (എം എസ്.) നമ്പർ 156/00 dt. 1-6-2000 പ്രകാരം ഇവിടെ എത്ര കുടുംബങ്ങൾക്ക് കൈവശരേഖ നൽകിയിരുന്നുവെന്ന് അറിയിക്കുമോ ;

(എഫ്) ഇപ്പോൾ പ്രസ്തുത കോളനിയിൽ പട്ടയവും കൈവശരേഖയും ഇല്ലാത്ത എത്ര കുടുംബങ്ങൾ സ്ഥിര താമസക്കാരായിട്ടുണ്ട് ; ഇവരിൽ 2000-ന ശേഷം താമസമാക്കിയിട്ടുള്ളവരും പട്ടയം ഇല്ലാത്തതുമായ കുടുംബങ്ങൾ ഉണ്ടോ ; എങ്കിൽ എത്ര കുടുംബങ്ങൾ എന്ന് അറിയിക്കുമോ ;